# കേരള സർവകലാശാല

നം.പി.ആർ.152/2020 ഫോൺ: 2305738

## <u>പത്രക്കുറിപ്പ്</u>

**'സർവകലാശാല വിദ്യാഭ്യാസം കോവിഡ് കാലഘട്ടത്തിലും അതിനുശേഷവും':**

**<u>കേരള സർവകലാശാല നിയമിച്ച വിദഗ്ധസമിതിയുടെ റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം</u>**

ജീവിതത്തിന്റെ സകല മേഖലകളെയും സ്വാധീനിച്ചുകൊണ്ട് കടന്നുപോകുന്ന കോവിഡ് എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ സർവകലാശാല വിദ്യാഭ്യാസ രംഗത്ത് സൃഷ്ടിക്കപ്പെട്ട പ്രതിസന്ധിയെ എങ്ങനെ നേരിടണമെന്നും ഈ പ്രതിസന്ധി യുടെ പശ്ചാത്തലത്തിൽ ഭാവി വിദ്യാഭ്യാസ പ്രവർത്തനങ്ങളെ എങ്ങനെ രൂപപ്പെടുത്ത ണമെന്നും ആലോചിക്കാനായിട്ടാണ് കേരള സർവകലാശാല സിൻഡിക്കേറ്റ് ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചത്. കേരള സർവകലാശാല പ്രോ–വൈസ് ചാൻസലർ ഡോ.പി.പി.അജയകുമാർ ചെയർമാനും സിൻഡിക്കേറ്റ് അംഗം ഡോ.ഗോപ്ചന്ദ്രൻ കൺവീനറും സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ.കെ.എച്ച്.ബാബുജാൻ, അഡ്വ.എ.അ ജികുമാർ, ഡോ.എസ്.നസീബ്, പ്രൊഫ.എസ്.കെ.സതീഷ് ഐ.ഐ.എസ്.ടി ബാംഗ്ലൂർ, പ്രൊഫ.സുനോജ് ആർ.ബി ഐ.ഐ.ടി മുംബൈ, കേരള സർവകലാശാലയിലെ മുൻ പ്രൊഫസർമാരായ പ്രൊഫ.ജമീല ബീഗം, പ്രൊഫ.ജി.എം.നായർ, പ്രൊഫ.ഉണ്ണികൃ ഷ്ണൻ നായർ, ഐ.ടി അറ്റ് സ്കൂളിന്റെയും കൈറ്റിന്റെയും എക്സിക്യൂട്ടീവ് ഡയറ ക്ടറായ ശ്രീ.കെ.അൻവർ സാദത്ത്, ഇ.എം.എം.ആർ.സി. കാലിക്കറ്റ് സർവകലാശാല ഡയറക്ടറായ ശ്രീ.ദാമോദർ പ്രസാദ് എന്നിവർ അടങ്ങുന്ന കമ്മിറ്റിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്. ഈ റിപ്പോർട്ട് ആഗസ്റ്റ് 14 ന് ചേർന്ന സിൻഡിക്കേറ്റ് യോഗം അംഗീക രിച്ചു.

കോവിഡാനന്തര കാലഘട്ടത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അതിനു മുൻപു ള്ള കാലഘട്ടത്തിൽ നിന്നും വ്യത്യസ്തമായിരിക്കുമെന്നും അതിനായി വിദ്യാഭ്യാസ രംഗത്ത് പുതിയ പഠന രീതികൾ പരീക്ഷിക്കേണ്ടി വരുമെന്നും സമിതി വിലയിരുത്തു ന്നു. സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പഠന പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തു ന്നതിനും അതിനനുസരിച്ച് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഐ.ടി പശ്ചാത്തല വികസനം സാധ്യമാക്കണമെന്നും അഭിപ്രായപ്പെടുന്നു. ഇന്റർനെറ്റ് സൗകര്യം ലഭിച്ച വരും അത് ലഭിക്കാത്തവരും എന്ന പുതിയ തരം വിഭജനം വിദ്യാർത്ഥികളുടെ ഇട യിൽ വളർന്നു വരാതിരിക്കാൻ എല്ലാവർക്കും ഇന്റർനെറ്റ് എന്ന ലക്ഷ്യത്തിലേക്കു

ഗവൺമെന്റിന്റെയും മറ്റു സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ എത്തിച്ചേരേണ്ടത് സാർവത്രിക വിദ്യാഭ്യാസമെന്ന ലക്ഷ്യം കൈവരിക്കാൻ സഹായകമാകുമെന്നും കാണാവുന്നതാണ്. എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടൊപ്പം എല്ലാവർക്കും ഇന്റർനെറ്റ് എന്നുകൂടി ചേർത്ത് പറയേണ്ട രീതിയിൽ വിവര സാങ്കേതിക വിദ്യയുടെ സ്വാധീനം വിദ്യാഭ്യാസ രംഗത്ത് വർധിച്ചിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്.

കോവിഡ് കാലഘട്ടത്തിലും അതിനുശേഷമുള്ള വിദ്യാഭ്യാസവുമാണ് ഈ സമിതി പ്രധാനമായും പരിഗണിച്ചത്. ഈ കാലഘട്ടത്തിൽ പരീക്ഷാ നടത്തിപ്പ്, പഠന ക്ലാസുകൾ, ഗവേഷണം, പഠന വകുപ്പുകൾ, അഫിലിയേറ്റഡ് കോളേജുകൾ, പുതിയ കോഴ്സുകൾ എന്നിവയ്ക്കാണ് ഊന്നൽ നൽകിയത്.

**പ്രധാന നിർദേശങ്ങൾ ചുരുക്കത്തിൽ**

## I. ക്ലാസുകൾ പരീക്ഷകൾ
## <u>കോവിഡ് കാലഘട്ടത്തിലേക്കുള്ള നിർദേശങ്ങൾ</u>

- ക്ലാസ് മുറിയിലെ പഠനം തന്നെയാണ് പ്രധാനം. അതിന് പ്രയാസമുള്ള കോവിഡ് കാലത്ത് പരമാവധി ഓൺലൈൻ സാഹചര്യം പ്രയോജനപ്പെടുത്തണം.
- സാഹചര്യം മെച്ചപ്പെടുന്നതിനനുസരിച്ച് ഓരോ ക്ലാസും കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് പല ബാച്ചുകളാക്കി നടത്താം.
- കോളേജുകളിലും സർവകലാശാല വകുപ്പുകളിലും നേരിട്ടുള്ള ക്ലാസുകൾ സാഹചര്യം മെച്ചപ്പെടുന്ന മുറക്ക് ഘട്ടം ഘട്ടമായി തുടങ്ങണം. കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചു പല പല ദിവസങ്ങളിൽ ക്ലാസുകൾ നടത്തുന്നതായിരിക്കും ഉചിതം.
- **ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം**: ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം കോളേജിലും സർവകലാശാല വകുപ്പുകളിലും നടപ്പിലാക്കണം. ഇത് വഴി ഇന്റേണൽ പരീക്ഷകളും അറ്റന്റൻസും വിവിധ വിഷയങ്ങളിലുള്ള പഠന സാമഗ്രികളുടെ വിതരണവും കുട്ടികളുമായുള്ള ആശയവിനിമയവും ചർച്ചകളും മറ്റും ഫലപ്രദമായി നടത്താൻ പറ്റും.
- **കെ.യു.പാഠശാല**: കെ.യു.പാഠശാല എന്ന പേരിൽ വീഡിയോ ക്ലാസുകളുടെ ഒരു ശേഖരം തുടങ്ങണം. ഇതു വഴി വിദ്യാർത്ഥികൾക്ക് വിവിധ വിഷയങ്ങളെ അധികരിച്ചുള്ള ക്ലാസുകൾ കേൾക്കുവാൻ സാധിക്കും.
- അദ്ധ്യാപകർക്ക് എൽ.എം.എസ്., ഓൺലൈൻ ടീച്ചിംഗ് എന്നീ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നൽകണം.
- **ഐ.ടി അറ്റ് കോളേജ്**: കോളേജുകളിലെയും സർവകലാശാല വകുപ്പുകളിലെയും ഐ.ടി സൗകര്യങ്ങൾ വികസിപ്പിക്കണം. അതിനായി ഐ.ടി അറ്റ് സ്കൂളിന്റെ മാതൃകയിൽ ഐ.ടി അറ്റ് കോളേജ് എന്ന പരിപാടി സർക്കാ

രിന്റെ സഹായത്തോടെ നടപ്പാക്കണം. ഇതിലേക്കായി കിഫ്ബി ഫണ്ട് ലഭ്യമാക്കുന്ന കാര്യം പരിഗണിക്കണം.

- കോവിഡ് കാലഘട്ടിൽ നടക്കുന്ന ഓൺലൈൻ ക്ലാസുകൾ തുടരണം.
- ക്ലാസിന്റെ സമയക്രമം കുട്ടികളുടെ സൗകര്യത്തിനനുസരിച്ചു വൈകുന്നേരങ്ങളിൽ ക്രമീകരിക്കണം.
- ശാസ്ത്ര വിഷയങ്ങൾക്ക് പ്രാക്ടിക്കൽ ക്ലാസുകൾ മറ്റു സെമസ്റ്ററുകളിലേക്കു മാറ്റുന്ന കാര്യം പരിഗണിക്കണം. അതിനായി വിവിധ പഠന ബോർഡുകളുടെ മീറ്റിംഗ് വിളിച്ചു ചേർക്കണം.
- വൈവ വോസി പരീക്ഷ നേരിട്ടോ ഓൺലൈൻ ആയോ നടത്താൻ അനുമതി കൊടുക്കാവുന്നതാണ്. പ്രോജക്ടുകൾ പി.ഡി.എഫ് രൂപത്തിൽ സമർപ്പിച്ചാൽ മതിയാകും. അതിന് ആവശ്യമുള്ള സോഫ്റ്റ്‌വെയർ സർവകലാശാല കമ്പ്യൂട്ടർ സെന്റർ നിർമ്മിക്കണം.
- സ്മാർട്ട് ഫോണും ലാപ്ടോപ്പും ഇല്ലാത്ത കുട്ടികൾക്കായി അവ നൽകാനുള്ള പദ്ധതികൾ ആലോചിക്കണം. പി.ടി.എ ഫണ്ട്, ഡി.ഡി.എഫ് എന്ന് തുടങ്ങി വിഭവ സമാഹരണത്തിനുള്ള സാദ്ധ്യതകൾ പരിശോധിക്കണം.
- 2020–2021 അക്കാഡമിക വർഷത്തെ ക്ലാസുകൾ അക്കാഡമിക കലണ്ടർ അടിസ്ഥാനത്തിൽ തന്നെ തുടരണം. ഒരു സെമസ്റ്റർ കഴിഞ്ഞാൽ പരീക്ഷയ്ക്ക് കാത്തുനിൽക്കാതെ അടുത്ത സെമസ്റ്ററിന്റെ ക്ലാസുകൾ നടത്തണം. സാഹചര്യം മെച്ചപ്പെടുന്നതിനു അനുസരിച്ചു പരീക്ഷകൾ പുനഃക്രമീകരിക്കാവുന്നതാണ്.
- പരീക്ഷാ ബോർഡ് മീറ്റിംഗുകളും അക്കാഡമിക ബോർഡ് മീറ്റിംഗുകളും ഓൺലൈനായി നടത്തണം.

2.<u>കോവിഡ് കാലഘട്ടത്തിനു ശേഷം</u>

- സ്റ്റുഡൻസ് ലെഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കണം. (രജിസ്ട്രേഷൻ മുതൽ ഡിഗ്രി സർട്ടിഫിക്കറ്റ് വരെയുള്ള ഹിസ്റ്ററി)
- പരീക്ഷകൾ ഓൺലൈനായി നടത്തുന്ന കാര്യം പരിഗണിക്കണം.
- സർവകലാശാല വകുപ്പുകളിലെ വിദ്യാർത്ഥികൾക്ക് ടാബ്ലെറ്റുകൾ നൽകുകയും ക്ലാസുകളും ഇന്റേണൽ അസെസ്സ്മെന്റും സെമസ്റ്ററിന്റെ പരീക്ഷകളും വരെ ടാബ്ലറ്റ് ഉപയോഗിച്ച് നടത്തുന്ന രീതി പരീക്ഷിക്കണം.
- പഠന വകുപ്പുകളിൽ തത്സമയ സ്ട്രീമിംഗ് ഉൾപ്പെടെയുള്ള ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങളുള്ള തിയേറ്റർ ക്ലാസ് മുറികൾ സ്ഥാപിക്കണം.
- പി.എച്ച്.ഡി ഓപ്പൺ ഡിഫൻസുകളും പ്രീ സബ്മിഷൻ സെമിനാറുകളും ഓൺലൈനായി കൂടെ പങ്കെടുക്കാനുള്ള അനുവാദം കൊടുക്കണം.

**II.** **വിദൂര പഠന വിഭാഗം**: കേരളസർവകലാശാല വിദൂര പഠന വകുപ്പിനെ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആധുനികവൽക്കരിക്കണം. സമ്പർക്ക ക്ലാസുകൾ വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ സമയങ്ങളിൽ ഓൺലൈനായി സംഘടിപ്പിച്ചു വരുന്നത് തുടരണം. സ്റ്റഡി മെറ്റീരിയൽസ് പി.ഡി.എഫ് രൂപത്തിൽ നൽകുന്ന കാര്യം പരിഗണിക്കണം. ഓരോ പഠന പ്രോഗ്രാമുകൾക്കും വിദഗ്ധരടങ്ങുന്ന ഉപദേശക സമിതി ഉണ്ടാക്കി ഉന്നത നിലവാരം പുലർത്തുന്ന സ്റ്റഡി മെറ്റീരിയലുകൾ നിർമ്മിക്കണം.

**III.** **ഗവേഷണ രംഗം**

- സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കണം.
- കോവിഡിന്റെ പ്രത്യാഘാതങ്ങളെപ്പറ്റിയുള്ള ഗവേഷണം സർവകലാശാല വകുപ്പുകൾ ഏറ്റെടുക്കണം.
- **റിസർച്ച് ഡയറക്ടറേറ്റ്**: റിസർച്ച് ഡയറക്ടറേറ്റ് സ്ഥാപിക്കണം. ഗവേഷണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഡയറക്ടറേറ്റിന്റെ കീഴിൽ കൊണ്ടുവരണം. അതിനു ഒരു മുഴുവൻ സമയ ഡയറക്ടർ ഉണ്ടായിരിക്കണം.
- **റിസർച്ച് പോർട്ടൽ**: ഗവേഷണ പ്രവർത്തനത്തെ പൂർണതോതിൽ വിദ്യാർത്ഥി സൗഹൃദപ്രദമാക്കുന്ന തരത്തിലുള്ള ഗവേഷക പോർട്ടൽ നിർമ്മിക്കണം. ഗവേഷണത്തിന്റെ തുടക്കം മുതൽ ബിരുദം നൽകുന്നത് വരെയുള്ള കാര്യങ്ങൾ അതുവഴി കൈകാര്യം ചെയ്യാനാകുന്ന തരത്തിൽ പൂർണ്ണമായും ഓട്ടോമാറ്റഡ് ആയിരിക്കണം ഈ പോർട്ടൽ.
- ഗവേഷണ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിൽ വിദ്യാർത്ഥികളെ സഹായിക്കുകയും അടിയന്തിര പ്രാധാന്യമുള്ള മേഖലകളിൽ ഗവേഷണം കേന്ദ്രീകരിക്കുകയും വേണം.
- ഗവേഷണ പൂർവ പരിശീലനം: ഗവേഷണത്തിന് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് രണ്ടു മാസത്തെ ട്രെയിനിംഗ് പ്രോഗ്രാം നൽകണം. അതുവഴി ഗവേഷണത്തിന്റെ അടിസ്ഥാന തത്വങ്ങളും വിവിധ കഴിവുകളും വികസിപ്പിച്ചു മെച്ചപ്പെട്ട ഗവേഷണ പ്രവർത്തനം കാഴ്ച വെക്കാൻ അവരെ പ്രാപ്തരാക്കണം.
- **കമ്മ്യൂണിറ്റി ലാബ്**: ഗവേഷണ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ കമ്മ്യൂണിറ്റി ലാബ് തുടങ്ങണം, ഗവേഷണ ഫലങ്ങൾ ഉല്പന്നങ്ങളായി മാറ്റുവാൻ ഇതുവഴി സാധിക്കും.
- **പ്രോജക്ട് മാനേജ്മെന്റ് ആന്റ് ഫെസിലിറ്റേഷൻ സെന്റർ**: പ്രോജക്ടുകൾ ഉണ്ടാക്കുന്നതിലും അത് ആകർഷകമായ രീതിയിൽ പ്രെസന്റ് ചെയ്യുന്നതിലും അദ്ധ്യാപകർക്ക് പരിശീലനം നൽകണം.

- **പ്രോജക്ട് ചാലഞ്ച്**: പ്രോജക്ടുകൾ കൂടുതലായി കൊണ്ടുവരാനും അതുവഴി ഗവേഷണ പ്രവർത്തനും പബ്ലിക്കേഷനും വർധിപ്പിക്കാനും വേണ്ടി 'പ്രോജക്ട് ചാലഞ്ച്' തുടങ്ങുന്നു.
- സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുക, ലബോറട്ടറികളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ആക്കണം. വ്യവസായ രംഗത്തെ പ്രമുഖരും അക്കാദമിക വകുപ്പുകളിലെ അദ്ധ്യാപകരും തമ്മിൽ സില ബസ് നവീകരണത്തെപ്പറ്റിയും പുതിയ ഗവേഷണ മേഖലകളെപ്പറ്റിയും ചർച്ച കൾ നടത്തുക, പഠന വകുപ്പുകൾ കൺസൾട്ടൻസി പ്രവർത്തനം നടത്തുക, യൂണിവേഴ്സിറ്റി ലൈബ്രറിയെ ഗവേഷണ കേന്ദ്രമാക്കുക.

## IV. ലൈബ്രറികളുടെ പ്രവർത്തനം

- **ലൈബ്രറി നെറ്റ് വർക്കിംഗ്**: ജനാധിപത്യപരമായ വിജ്ഞാന വിതരണത്തിന് സാധ്യമാകുന്ന തരത്തിൽ ലൈബ്രറികൾ, കേരളത്തിലെ എല്ലാ സർവകലാശാല കളിലേയും വിവിധ ഗവേഷണ സ്ഥാപനങ്ങളിലേയും ലൈബ്രറികൾ തമ്മിൽ ബന്ധിപ്പിക്കുകയും ഇവിടങ്ങളിലുള്ള വിജ്ഞാന ശേഖരം എല്ലാവർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ഓപ്പൺ അക്സസ് അനുവദിക്കുകയും ചെയ്യ ണം.
- കേരള സർവകലാശാലക്ക് കീഴിലുള്ള യൂണിവേഴ്സിറ്റി ലൈബ്രറി, റഫറൻസ് ലൈബ്രറി, ഡിപ്പാർട്മെന്റ്സ് ലൈബ്രറി തുടങ്ങിയവ ഇതിനകം ബന്ധിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം കോളേജ് ലൈബ്രറികളും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലേയും, കേന്ദ്രങ്ങളിലെയും ലൈബ്രറികളും കൂടി പരസ്പരം ബന്ധിപ്പിക്കുക.
- ലൈബ്രറികളിലെ ഡിജിറ്റൽ ശേഖരങ്ങൾ ലൈബ്രറിയുടെ പുറത്തു നിന്നും റെഫർ ചെയ്യാവുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- ക്രമേണ പുസ്തകങ്ങളും തീസിസുകളും മറ്റും പൂർണമായി ഡിജിറ്റൈസ് ചെയ്യുകയും ഒരു ഡിജിറ്റൽ ലൈബ്രറിയായി രൂപാന്തരം പ്രാപിക്കുകയും ചെയ്യുക.
- **യൂണിവേഴ്സിറ്റി ലൈബ്രറിയിൽ ഒരു ഫോർകാസ്റ്റിംഗ് ആന്റ് മാർക്കറ്റിംഗ് ഡിവിഷൻ സ്ഥാപിക്കുക**: ഗവേഷണ രംഗത്തെ പുതിയ മേഖലകൾ പരിചയപ്പെ ടുത്താനും ഗവേഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനം കൊടു ക്കാനും വേണ്ടി ഒരു കേന്ദ്രം തുടങ്ങുക.
- **റിസർച്ചേഴ്സ് ഡിജി**റ്റൽ ഇന്റർഫേസ്: ഗവേഷകരും അദ്ധ്യാപകരും തമ്മിലുള്ള ചർച്ചകളും ആശയ വിനിമയവും പ്രോത്സാഹിപ്പിക്കാൻ റിസർച്ചേഴ്സ് ഡിജിറ്റൽ ഇന്റർഫേസ് എന്ന പേരിൽ ഒരു പ്ലാറ്റ്ഫോം യൂണിവേഴ്സിറ്റി ലൈബ്രറി കേന്ദ്രീ കരിച്ചു തുടങ്ങണം.

## V പുതിയ വകുപ്പുകൾ പഠന പ്രോഗ്രാമുകളും വിദ്യാർത്ഥി സേവനങ്ങളും ഫാക്കൽറ്റികളും

- സമകാലിക പ്രാധാന്യമുള്ള മേഖലകളിൽ പുതിയ വകുപ്പുകളും പഠന പ്രോഗ്രാമുകളും തുടങ്ങണം.
- റിന്യൂവബിൾ എനർജി വകുപ്പ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, സ്പേസ് സയൻസ് വകുപ്പ്, ഫോറൻസിക് സയൻസ് ആന്റ് ക്രിമിനോളജി വകുപ്പി, ഡിസാസ്റ്റർ മാനേജ്മെന്റ്, എക്സ്ലൂഷൻ ആന്റ് ഇൻഇക്വാലിറ്റി സ്റ്റഡീസ് എന്നിവയിൽ ഇന്റേർ ഡിസ്പ്ലിനറി വകുപ്പുകൾ, മൈഗ്രേഷൻ സ്റ്റഡീസ്, ലാറ്റിൻ അമേരിക്കൻ സ്റ്റജാസ്, ബ്ലൂ ഇക്കോണമി, പൊതുജന ആരോഗ്യവും മൈക്രോ ബയോളജിയും എന്നിവയിൽ പഠന കേന്ദ്രങ്ങൾ എന്നിവയാണ് നിർദേശിച്ചിരിക്കുന്നത്. (പുതിയ പ്രോഗ്രാമുകളുടെ വിശദ വിവരങ്ങൾ അവസാനം കൊടുത്തിട്ടുണ്ട്.)
- വിദ്യാർത്ഥി സേവനങ്ങൾ: വിദ്യാർത്ഥികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഡീൻ ഓഫ് സ്റ്റുഡന്റ്സ് അഫയേഴ്സ് ഏർപ്പെടുത്തുക, കൊല്ലത്തും ആലപ്പുഴയിലും ഉള്ള പ്രാദേശിക കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുക.
- പുതിയ ഫാക്കൽറ്റികൾ
- ഓറിയന്റൽ സ്റ്റഡീസ് ഫാക്കൽറ്റിയും ആർട്സ് ഫാക്കൽറ്റിയും ആരോഗ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട അഞ്ചു ഫാക്കൽറ്റികളും പുതിയ രീതിയിൽ ക്രമീകരിച്ചു ഫാക്കൽറ്റി ഓഫ് ലാംഗ്വേജസ്, ഫാക്കൽറ്റി ഓഫ് ഹ്യുമാനിറ്റീസ് ആന്റ് കൾച്ചർ, ഫാക്കൽറ്റി ഓഫ് ഹെൽത്ത് സയൻസസ് എന്നിവ രൂപീകരിക്കുക.

## VI. സർവകലാശാലയുടെ പൈതൃക സ്ഥാപനങ്ങൾ

1837 ൽ മഹാരാജ സ്വാതി തിരുനാൾ സ്ഥാപിച്ച തിരുവനന്തപുരം അസ്ട്രോണമിക്കൽ ഒബ്സർവേറ്ററി, 1908 ൽ സ്ഥാപിതമായ മനുസ്ക്രിപ്ട് ലൈബ്രറി, 1953 ൽ സ്ഥാപിതമായ മലയാളം ലെക്സിക്കൺ തുടങ്ങിയ പൈതൃക സ്ഥാപനങ്ങളുടെ പ്രവർത്തനം കാലാനുസൃതമായ മാറ്റങ്ങളോടെ ആധുനികവൽക്കരിക്കാനുള്ള ശ്രമം നടത്തണം. കാര്യവട്ടത്തെ സെൻട്രൽ ലബോറട്ടിയായ ക്ലിഫിന്റെ പ്രവർത്തന സമയം രാവില 8 മണി മുതൽ രാത്രി 8 മണി വരെ ആക്കണം. ക്ലിഫിന് മുഴുവൻ സമയ ഡയറക്ടറെ നിയമിക്കണം.

## VII. ഭരണ പരിഷ്കാരം നടപ്പിലാക്കുക

- സർവകലാശാലയുടെ ഭരണ നിർവഹണ സംവിധാനത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുക. നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയമിക്കുക.
- കടലാസു രഹിത ഓഫീസ് സംവിധാനം നടപ്പിലാക്കുക.
- അദ്ധ്യാപകരുടേയും ജീവനക്കാരുടേയും പരിശീലനത്തിന് ഒരു കേന്ദ്രം (സി–ആപ്റ്റ്) സ്ഥാപിക്കുക.
- പബ്ലിക് റിലേഷൻസ് വിഭാഗത്തിൽ സോഷ്യൽ മീഡിയ മാനേജർമാരെ നിയമിക്കുകയും സോഷ്യൽ മീഡിയ സംവിധാനം ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുക.
- കേരള സർവകലാശാല കമ്പ്യൂട്ടർ സെന്ററിന്റെ പ്രവർത്തനം പ്രൊഫഷണൽ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് കമ്പനിയുടെ രീതിയിൽ പുനഃസംവിധാനം ചെയ്യുക.
- കമ്മറ്റിയുടെ നിർദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള ടാസ്ക് ഫോഴ്സിനെ നിയമിക്കുകയും സമയ ബന്ധതമായി നിർദേശങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.
- സർവകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി ആവശ്യമുള്ള കാര്യങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ആവശ്യമായ നിയമാനുസൃതമായ നടപടികൾ തുടങ്ങുക.
- കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് നിയമിച്ച കമ്മിറ്റി നിർദേശിച്ച പുതിയ പ്രോഗ്രാമുകൾക്കു പുറമേ താഴെപ്പറയുന്ന പ്രോഗ്രാമുകൾ കൂടെ നിർദേശിക്കുന്നു.

**PG Programmes**

MA in Kerala Studies
MSc in Renewable Energy
Master of Designs
MSc Physics (Space Physics)
MSc Forensic Science
MSc Climate Change & Disaster Management
MA in women's Studies
MA in Exclusion & Inequality Studies
MSc in Applied Aquaculture
MA Museology
MA Comparative Literature
MSc in Public Health & Community Development
MSc Physics (Space Physics)
MSc Life Sciences
M Com (International Trade)
MSc Computer Science (Artificial Intelligence)
MSc Chemistry (Radiopharmaceutical Chemistry)
M Ed Tech Educational Technology.

Master of Physical Education M.P.Ed

- **UG programmes**

BA (Economics, Mathematics, Statistics)
BSc (Physics, Mathematics & Machine Intelligence)
BCom (Blue Economy)
BSc Data Analytics
BCom (Accounts, Data Science & GST)
BCom (International Trade)
BSc Industrial Chemistry
BSc Applied Life sciences with Agro-Chemicals & Pest Management
BA Archaeology and Museology
BSc Geology & Digital Surveying
BSc Triple Main Aquatic Biology/Fisheries and Aquaculture/Zoology
BSc. Botany (Botany and Ayurvedic Pharmacy)
BSc Botany (Botany and Zoology with Medical Laboratory technology) (Vocational)
BSc. Zoology & Infectious Diseases Epidemiology (Vocational)
B Voc. Pharmaceutical Chemistry
BSc Environmental Science
BA Anthropology
BA Translation & Linguistics
BA Economics, Mathematics & Journalism

- **PG Diploma Programmes**

PG Diploma in Latin American Studies
PG diploma in Migration Studies
PG diploma in Blue Economy
PG Diploma in Research Ethics
P G Diploma in Communication Technology
P G Diploma in International Finance
P G Diploma in Content Writing
P G Diploma in Viral Informatics
P G Diploma in Cyber law
P G Diploma in Russian for Communication
P G Diploma in German for Communication

റിപ്പോർട്ടിന്റെ പൂർണ രൂപത്തിനായി കേരള സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക. <www.keralauniversity.ac.in>

## പ്രാക്ടിക്കൽ

ബി.കോം എസ്.ഡി.ഇ നാലാം സെമസ്റ്റർ (2017 അഡ്മിഷൻ) വിദ്യാർത്ഥികളിൽ ജൂലൈ 6, 7 തീയതികളിൽ പ്രാക്ടിക്കൽ പരീക്ഷ നിശ്ചയിച്ചിരുന്ന വിദ്യാർത്ഥികളും ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് ത്രീമെയിൻ ഫെബ്രുവരി 2020 സപ്ലിമെന്ററി പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 8 –ാം തീയതിയും 9 –ാം നിശ്ചയിച്ചിരുന്ന വിദ്യാർത്ഥികളും ആഗസ്റ്റ് 24 മുതൽ 27 വരെ എസ്.ഡി.ഇ ഓൾഡ് ബ്ലോക്ക്, പാളയത്ത് വച്ച് നടത്തുന്ന പ്രാക്ടിക്കൽ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്.

## പരീക്ഷാഫീസ്

മൂന്നാം സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി – സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ) (2013 സ്കീം) ഏപ്രിൽ 2020 പരീക്ഷയ്ക്ക് 400 രൂപ പിഴയോടെ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2020 മാർച്ച് 10 ലെ വിജ്ഞാപന പ്രകാരം മാർച്ച് 25 ആയിരുന്നത് ആഗസ്റ്റ് 19 വരെ നീട്ടിയിരിക്കുന്നു. വിജ്ഞാപനവും വിശദവിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. പുതുക്കിയ പരീക്ഷാ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## പരീക്ഷാഫലം

കമ്പൈൻഡ് ഒന്ന് രണ്ട് സെമസ്റ്റർ ബി.ടെക് ഡിഗ്രി പരീക്ഷാഫലം (2008/2013 സ്കീം) ഡിസംബർ 2019 പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിന് ആഗസ്റ്റ് 26 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പിഎച്.ഡി നൽകി

വേണു.ജെ, ഷീജ ആർ (മലയാളം), വിധു വിജയൻ (ഇംഗ്ലീഷ്), ലാവണ്യ എസ്, മീനു വേണഗോപാൽ (ഫിസിക്സ്), രഞ്ജന കെ.സി, ബിജോയ് എം.എസ്.രാജ് (ലോ), ജയരഞ്ജിനി എൻ (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), രഞ്ജിനി എസ് (കെമിസ്ട്രി), ആന്റണി പി.ജി (ഡെന്റിസ്ട്രി), അജയ് സുരേഷ് വി (ജ്യോഗ്രഫി), ചഞ്ചൽ എബ്രഹാം (എഡ്യൂക്കേഷൻ) എന്നിവർക്ക് പിഎച്.ഡി നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.



പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
14.08.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098